# ഇന്റർനെറ്റ് കഫേ: അശ്ലീലചിത്രങ്ങളുടെ കാഴ്ചബംഗ്ലാവ്

**പ്രദീപ് പി.കെ.**

**ലോ**കകമ്പ്യൂട്ടർ ശൃംഖലയെകുറിച്ച് കേൾക്കാത്തവർ ചുരുക്കമായിരിക്കുന്നു ഇന്ന്. ലോകത്തുള്ള കമ്പ്യൂട്ടറുകളെ തമ്മിൽ പരസ്പരം വിവരക്കൈമാറ്റത്തിനും ആശയവിനിമയത്തിനുമായി ബന്ധിപ്പിച്ചിരിക്കുന്ന ഒരു ശൃംഖലയാണ് ഇന്റർനെറ്റ്. ഏറ്റവും രസകരമായ കാര്യം ഈ ശൃംഖലയിലുള്ള ഏതെങ്കിലും ഒരു കമ്പ്യൂട്ടർ, ശൃംഖലയിൽ പ്രവർത്തിചെയ്യാതെ വന്നാൽ പോലും അത് ശൃംഖലയിലെ മറ്റ്കമ്പ്യൂട്ടറുകളെ ബാധിക്കുകയില്ല എന്നതാണ്. ഇന്റർനെറ്റിന്റെ ഉത്ഭവം അമേരിക്കൻ പ്രതിരോധവകുപ്പിന്റെ ഗവേഷണപദ്ധതികൾക്കായുള്ള ശൃംഖലയുടെ സ്ഥാപനത്തോടെയാണ്. അവിടുന്നിങ്ങോട്ട് നോക്കിയാൽ ഓരോ വർഷവും ശൃംഖലയിൽ പരിണാമങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു.

ഇന്റർനെറ്റിൽ വിവരങ്ങൾ വെബ് പേജുകളായാണ് ക്രോഡീകരിക്കപ്പെടുന്നത്. വെബ് പേജുകൾ നിർമ്മിക്കുന്നതിന് വിവിധ ഭാഷകൾ ഉപയോഗിക്കുന്നു. സന്ദേശ വിനിമയത്തിനാണ് ഇന്റർനെറ്റ് വ്യാപകമായി ഉപയോഗിക്കുന്നത്. ഇലക്ട്രോണിക് മെയിലുകൾ എന്ന ഈ ഉപാധിവഴി ശൃംഖലാബന്ധമുള്ള ഏതുകമ്പ്യൂട്ടറിലേക്കും സന്ദേശമയക്കാം.

വീട്ടിൽ ശൃംഖലാബന്ധമോ കമ്പ്യൂട്ടർ സംവിധാനമോ ഇല്ലാത്തവർ കൂടുതലായും 'ഇന്റർനെറ്റ് കഫേ' കളേയാണ് ആശ്രയിക്കുന്നത്. വെബ് പേജുകൾ കണാനും ദൂരെയുള്ള സുഹൃത്തുമായി സല്ലപിക്കുവാനും സന്ദേശങ്ങൾ കൈമാറാനും വിവരവിനിമയത്തിനുമായി ഒന്നിലധികം ആളുകൾക്ക് ഒരേ സമയം ഒരു സ്ഥലത്തിരുന്നുകൊണ്ട് ശൃംഖല ഉപയോഗിക്കാവുന്ന ഒരു സംവിധാനത്തിനേയാണ് 'ഇന്റർനെറ്റ് കഫേകൾ' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇന്റർനെറ്റ് കഫേകൾ കേരളത്തിൽ തുടങ്ങിയകാലത്ത് അത് കാപ്പി കുടിക്കുവാനുള്ള ഒരു സ്ഥലമാണെന്ന് തെറ്റിധരിച്ചവരെ വരെ ലേഖകന് പരിചയമുണ്ട്. എന്നാലിപ്പോൾ കേരളത്തിലെ സ്ഥിതി അങ്ങനെയല്ല. എല്ലാ പഞ്ചായത്തിലും ഓരോ 'ഇന്റർനെറ്റ് കഫേ'യെങ്കിലും സ്ഥാപിക്കാൻ കേരള ഗവൺമെന്റ്തലത്തിൽ നിന്നുതന്നെ തീരുമാനമായിട്ടുണ്ട്. 'ഇൻഫർമേഷൻ കേരള മിഷൻ' എന്നാണ് ഈ പദ്ധതിക്ക് പേരിട്ടിരിക്കുന്നത്. പദ്ധതി ഇപ്പോൾ കേരളത്തിൽ നടപ്പിലായികൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽ ഇപ്പോൾ 'വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ്' എന്ന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് ഔദ്യോഗികമായി ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നത്. ധാരാളം സ്വകാര്യ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളും ഉണ്ട്. ഉദാഹരണത്തിന് സത്യം ഓൺലൈൻ, മന്ത്ര ഓൺലൈൻ, സിഫ ഓൺലൈൻ, ഡിഷ്നെറ്റ്, വിപ്രോനെറ്റ് എന്നിവ അവയിൽ പ്രമുഖരാണ്.

ഇന്റർനെറ്റ് നമുക്ക് ഉപയോഗിക്കാൻ ഒരു ടെലഫോൺലൈനും മോഡം എന്ന ഉപകരണവും ഒരു കമ്പ്യൂട്ടറും മാത്രം മതി. 'ഇന്റർനെറ്റ് കഫേകൾ' ഇന്ന് കേരളത്തിലെ എല്ലാ നഗരങ്ങളിലും സ്ഥാനംപിടിച്ചുകഴിഞ്ഞു. ഇന്റർനെറ്റ് വഴി ഇന്ന് 'ഓൺലൈൻ ബിസിനസ്സ്' അല്ലെങ്കിൽ 'നെറ്റ് വാണിജ്യം' വരെ നടത്തുവാൻ കഴിയുന്നതാണ്. ഇന്റർനെറ്റിൽ വിവരസമ്പാദനത്തിനായി നാം നെറ്റിലുള്ള സേർച്ച് എൻജിനുകളെയാണ് ആശ്രയിക്കുന്നത്. ഇന്റർനെറ്റിൽ ഇന്ന് 10 ദശലക്ഷത്തിൽ കൂടുതൽ വെബ് സൈറ്റുകളുണ്ട്.



അടുത്തത് ചില ധാർമ്മികചിന്തകളാണ്. ഇന്റർനെറ്റ് എന്നഈ വിവരസഞ്ചയം നാം ക്രിയാത്മകമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ അതോ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നതാണ് വിഷയം. ഇന്ന് മിക്ക ഇന്റർനെറ്റ് കഫേകളിലും മണിക്കൂറിന് 30 രൂപക്കും 40 രൂപക്കും ഇടക്കുള്ള ഒരു ചെറിയ തുകമാത്രമേ ഇന്റർനെറ്റ് ഉപയോഗത്തിനായി ഈടാക്കുന്നുള്ളൂ. വേനലവധിയായതോടെ ഇന്റർനെറ്റ് കഫേകൾ സജീവമായിതുടങ്ങി. 10 നും 25 നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഇവിടെ ഇവിടെ കൂടുതലായി വന്നു പോകുന്നത്. സ്വപ്രേരണയാലോ ,മറ്റുള്ള കൂട്ടുകാരുടെ പ്രേരണയാലോ ലൈംഗികത കൊടികുത്തി വാഴുന്ന വെബ്സൈറ്റുകളിലൂടെയാണ് ഇവരുടെ 'ഇലക്ട്രോണിക് വിനോദസഞ്ചാരം' മുഴുവൻ നടക്കുന്നത്. മറ്റുള്ളവരുടെ രതി കണ്ടാസ്വദിക്കുന്ന 'വോയറിസം' എന്ന ലൈംഗിക അനാരോഗ്യ കാഴ്ചപാടാണ് ഇന്റർനെറ്റ് മൂലം തഴച്ചുവളരുകയാണ്. വീട്ടിൽ സ്വകാര്യതയും മറ്റും കിട്ടാത്തതുകൊണ്ടും കർശനമായ നിയമങ്ങൾ ഉള്ളതുകൊണ്ടുമാണ് ഞങ്ങളിതിന് ഇറങ്ങിതിരിക്കുന്നത് എന്നാണ് ഒരു കൂട്ടരുടെ മൊഴി. ഏതായാലും മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട ഒന്നാണ് ഇത്. ഇന്റർനെറ്റ് ദുരുപയോഗം അത്രത്തോളം എത്തിയിരിക്കുന്നു ഇന്ത്യൻ നഗരങ്ങളിൽ. ടെലിവിഷൻ മാധ്യമങ്ങളുടെ പെരുപ്പം ഈ പ്രവണതയെ വേരിട്ടുറപ്പിക്കുന്നു.

ഏതൊരു സാങ്കേതികത നമ്മുക്ക് സ്വന്തമായും അതിനെ ക്രിയാത്മകമായ മനോഭാവത്തിലൂടെ മാത്രം സമീപിക്കുക. ദുരുപയോഗം ധാർമ്മികമല്ല. ഗൾഫ് രാജ്യങ്ങളിൽ വെബ്സൈറ്റുകൾ കാണുന്നതിന് കർശനായ നിയമങ്ങൾ ഇന്റർനെറ്റ് കഫേകളിലുണ്ട്. കുട്ടികളാണ് ഉപയോക്താക്കൾ എങ്കിൽ പ്രത്യേകിച്ചും . ലൈംഗികത പാപമല്ല മറിച്ച് ഒരു മനുഷ്യവികാരമാണ് എന്ന് സമ്മതിക്കുന്നു. പക്ഷെ അറിവില്ലായ്മയാണ് പാപം. ലൈംഗികതയെകുറിച്ച് മനസ്സിൽ ഉണ്ടാക്കുന്ന അനാരോഗ്യകകമായ മനോഭാവങ്ങളാണ് പാപം. അതുകൊണ്ട് ഇന്റർനെറ്റ് കാര്യങ്ങൾക്ക് മാത്രം ഉപയോഗിക്കാൻ പരിശ്രമിക്കുകയാണ് യുവതലമുറ ചെയ്യേണ്ടത്.